**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 6073** **09-11-2021 - ൽ മറുപടിയ്ക്ക്**

**നന്നമ്പ്ര പഞ്ചായത്ത് മോര്യകാപ്പ് നവീകരണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ. പി. എ. മജീദ് | | **Shri Roshy Augustine**<br>(ജലവിഭവ വകുപ്പ് മന്ത്രി) | |
| (എ) | തിരൂരങ്ങാടി മണ്ഡലത്തിൽപെട്ട നന്നമ്പ്ര പഞ്ചായത്തിലെ മോര്യകാപ്പ് നവീകരണ പ്രവൃത്തിയുടെ നിർമ്മാണം സംബന്ധിച്ച നടപടികൾ ഏത് ഘട്ടത്തിലാണെന്ന് വിശദമാക്കാമോ? | (എ) | 05/07/2018 ൽ ബഹു.കേരള ഹൈക്കോടതി WA No.1103/2018 കേസ്സുമായി ബന്ധപ്പെട്ട് പുറപ്പെടുവിച്ച വിധിന്യായത്തിന്റെ അടിസ്ഥാനത്തിൽ 25/03/2019 തീയ്യതിയിലെ ജി.ഒ.(ആർ.ടി) നമ്പർ 212/2019/WRD സർക്കാർ ഉത്തരവ് പ്രകാരം തിരൂരങ്ങാടി മണ്ഡലത്തിലെ നന്നമ്പ്ര പഞ്ചായത്തിൽപ്പെട്ട മോര്യാക്കാപ്പ് ജലസേചന പദ്ധതിയുമായി ബന്ധപ്പെട്ട് തുടർനടപടികൾ സ്വീകരിക്കുവാൻ ജലസേചനവും ഭരണവും, ചീഫ് എഞ്ചിനീയർക്ക് സർക്കാർ നിർദ്ദേശം നൽകിയിട്ടുണ്ട്. ടി പ്രവൃത്തിയുമായി ബന്ധപ്പെട്ട് DSR 2016 പ്രകാരമുള്ള പ്രൊപ്പോസൽ സർക്കാരിൽ ലഭിച്ചുവെങ്കിലും DPR ലഭിച്ചിരുന്നില്ല. DSR 2018 നിലവിൽ വന്നതിനാൽ DSR 2018 പ്രകാരമുള്ള DPR ചീഫ് എഞ്ചിനീയറിൽ നിന്നും സർക്കാരിൽ ലഭ്യമാകുന്ന മുറയ്ക്ക് ഈ പ്രവൃത്തിയുമായി ബന്ധപ്പെട്ട് തുടർ നടപടികൾ സ്വീകരിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ